**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 888** **26-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടയ ഭൂമിയിൽ നിന്ന് മരം മുറിക്കാനുള്ള അവകാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പട്ടയ ഭൂമിയിൽ നിന്ന് മരം മുറിക്കാനുള്ള അവകാശം കർഷകർക്ക് നൽകിയിരുന്നോ; ഇത് സർക്കാർ പിൻവലിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പിൻവലിക്കാൻ ഉണ്ടായ സാഹചര്യം വെളിപ്പെടുത്താമോ? | (എ) | 24.10.2020 ലെ സ.ഉ (കൈ) 261/2020/റവ ഉത്തരവ് പ്രകാരം 1964 ലെ ചട്ടങ്ങൾ പ്രകാരം പതിച്ചു നൽകിയ ഭൂമിയിൽ കർഷകർ വച്ച് പിടിപ്പിച്ചതും കിളിർത്തു വന്നതും പതിച്ചു ലഭിക്കുന്ന സമയത്ത് വൃക്ഷ വില അടച്ച് റിസർവ് ചെയ്തതുമായ ചന്ദനം ഒഴികെയുള്ള എല്ലാ മരങ്ങളുടെയും അവകാശം കർഷകർക്ക് മാത്രമാണെന്നും അപ്രകാരമുള്ള മരങ്ങൾ അവർക്കു മുറിയ്ക്കാവുന്നതാണെന്നും നിർദേശിച്ചിരുന്നു. ടി ഉത്തരവ് വ്യാപകമായി ദുരുപയോഗം ചെയ്യുന്നതായി കണ്ടതിനാലും നിയമവകുപ്പിൽ നിന്നും ലഭിച്ച ഉപദേശത്തിന്റെ അടിസ്ഥാനത്തിലും, 02.02.2021 ലെ സ.ഉ (കൈ) 30/2021/റവ ഉത്തരവ് പ്രകാരം റദ്ദ് ചെയ്തിരുന്നു. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം I, II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചു നല്കിയ പട്ടയ ഭൂമിയിലെ ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി പുറപ്പെടുവിച്ച പരിപത്രം, സർക്കാർ ഉത്തരവ് എന്നിവ റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (യു) വകുപ്പ്**

സ.ഉ. (കൈ)നം.**30**/2021/റവ തീയതി, തിരുവനന്തപുരം 02/02/2021

പരാമർശം: 1 11.03.2020 ലെ റവ-യു3/187/2019-റവന്യൂ നം. പരിപത്രം.

2 24.10.2020 ലെ സർക്കാർ ഉത്തരവ് (കൈ )നം. 261/2020/റവന്യൂ

**ഉത്തരവ്**

പട്ടയ വ്യവസ്ഥകളിൽ ഭേദഗതി വരുത്തിക്കൊണ്ട് പുറപ്പെടുവിച്ച SRONo.621/2017 നോട്ടിഫിക്കേഷൻ അനുസരിച്ചു കർഷകൻ നട്ടു വളർത്തിയതും പട്ടയഭൂമിയിൽ നിലനിർത്തിയതുമായ ചന്ദനം ഒഴികെയുള്ള എല്ലാ മരങ്ങളുടെയും ഉടമസ്ഥാവകാശം പട്ടാധാർക്കാണ് എന്നും SRO No.621/2017, 17/08/2017 മുതൽ നിലവിലുള്ളതിനാൽ പഴയ പട്ടയഫോറത്തിലുള്ള വ്യവസ്ഥകൾ 17/08/2017 മുതൽ കണക്കാക്കേണ്ടതില്ല എന്നും വ്യക്തമാക്കിക്കൊണ്ട് പരാമർശം (1) പരിപത്രം പുറപ്പെടുവിച്ചിരുന്നു .

2) 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചു നൽകിയ ഭൂമിയിൽ കർഷകർ വച്ച് പിടിപ്പിച്ചതും സ്വമേധയാ കിളിർത്തു വന്നതും പതിച്ചു ലഭിക്കുന്ന സമയത്തു വൃക്ഷവില അടച്ചു റിസർവ് ചെയ്തതുമായ ചന്ദനം ഒഴികെയുള്ള മരങ്ങളുടെ അവകാശം കർഷകർക്ക് മാത്രമാണെന്നും അപ്രകാരമുള്ള മരങ്ങൾ അവർക്കു മുറിക്കാവുന്നതാണെന്നും അതിനു പ്രത്യേകിച്ച് അനുവാദം വാങ്ങേണ്ടതില്ലയെന്നും വ്യക്തമാക്കി പരാമർശം (2)ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3)പട്ടയഭൂമിയിലെ മരങ്ങൾ മുറിക്കുന്നത് സംബന്ധിച്ചു പുറപ്പെടുവിച്ചിട്ടുള്ള മേൽ പരിപത്രവും ഉത്തരവും ചോദ്യം ചെയ്തുകൊണ്ട് ബഹു ഹൈകോടതി മുൻപാകെ കേസുകൾ നിലനില്ക്കുന്നതിനാലും 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള പട്ടയഭൂമിയിലെ ഷെഡ്യൂൾഡ് വൃക്ഷങ്ങളെ സംബന്ധിച്ച പട്ടയ ഫോറത്തിൽ 17/08/2017-തീയതിക്ക് ശേഷം

നിബന്ധനകൾ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതിനാലും 1986-ലെ The Kerala Preservation of Trees Act ലെ "Tree" എന്നതിന്റെയും 2005- ലെ The Kerala Promotion of Tree Growth in non Forest Areas Act ലെ "Speified Tree" എന്നതിന്റെയും നിർവചനങ്ങളും പ്രസ്തുത നിയമങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും 1964- ലെ ഭൂമി പതിവ് ചട്ടങ്ങളിൽ നിന്നും വിഭിന്നങ്ങളാകയാലും പരാമർശം (2) പ്രകാരമുള്ള ഉത്തരവ് തെറ്റായി വ്യാഖ്യാനിച്ച് പട്ടയത്തിലെ ഷെഡ്യൂൾ പ്രകാരം റിസർവ് ചെയ്തിരുന്ന മരങ്ങളും മുറിക്കുന്നതായുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടതിനാലും പതിച്ചു നൽകുന്ന ഭൂമിയിലെ മരങ്ങൾ മുറിക്കുന്നതും അതിന്റെ നിബന്ധനകളും 1964- ലെ ഭൂമി പതിവ് ചട്ടങ്ങൾ മുഖേന വ്യവസ്ഥ ചെയ്യപ്പെടേണ്ടവയാകയാലും 1964- ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചു നൽകിയ പട്ടയ ഭൂമിയിലെ ചന്ദനം ഒഴികെയുള്ള മരങ്ങൾ സംബന്ധിച്ച നിർദേശങ്ങൾ ഉൾപ്പെടുത്തി പുറപ്പെടുവിച്ച പരാമർശം (1) പരിപത്രവും പരാമർശം (2) ഉത്തരവും റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. എ.ജയതിലക് ഐ.എ.എസ്**

പ്രിൻസിപ്പൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

മുഖ്യ വനപാലകർ, വനം വകുപ്പ് ആസ്ഥാനം , വഴുതക്കാട്, തിരുവനന്തപുരം

പി സി സി എഫ് (എഫ് & എം ) വനം വകുപ്പ് അആസ്ഥാനം , വഴുതക്കാട്, തിരുവനന്തപുരം

ജില്ലാ കളക്ടർമാർ(ലാൻഡ് റവന്യൂ കമ്മിഷണർ മുഖാന്തിരം )

അഡ്വക്കേറ്റ് ജനറൽ, എറണാകുളം

പ്രൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്യഎ & ഇ),കേരള, തിരുവനന്തപുരം.

വനം വന്യ ജീവി (ബി) വകുപ്പ്

പബ്ലിക് റിലേഷൻസ് ( വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചു നല്കിയ പട്ടയ ഭൂമിയിലെ റിസർവ്വ് ചെയ്ത മരങ്ങൾ(ചന്ദനം ഒഴികെയുള്ളവ) മുറിക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (യു) വകുപ്പ്

സ.ഉ.(കൈ) നം.261/2020/റവ. തീയതി,തിരുവനന്തപുരം, 24/10/2020

പരാമർശം:- 1 17.08.2017 ലെ സ.ഉ (പി) നം. 60/2017/റവന്യൂ

2 11.03.2020 ലെ റവ-യു3/187/2019-റവന്യൂ നം. പരിപത്രം.

ഉത്തരവ്

1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചു നല്കിയ ഭൂമിയിൽ കർഷകർ വച്ച് പിടിപ്പിച്ചതും സ്വമേധയാ കിളിർത്തു വന്നതുമായ മരങ്ങൾ മുറിക്കുന്നതിന് കർഷകർക്ക് തന്നെ അവകാശം നല്കിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. പ്രസ്തുത വിഷയത്തിൽ പല തരത്തിലുള്ള ആശയക്കുഴപ്പങ്ങളും അവ്യക്തതയും ഉണ്ടായതിനെ തുടർന്ന് 11.03.2020 ൽ പരാമർശം (2) പ്രകാരം പട്ടയ ഭൂമിയിൽ കർഷകർ നട്ടു വളർത്തിയതും പട്ടയ ഭൂമിയിൽ നിലനിർത്തിയതുമായ ചന്ദനം ഒഴികെയുള്ള എല്ലാ മരങ്ങളുടേയും അവകാശം പട്ടാദാർക്കാണ് എന്നും പഴയ പട്ടയ ഫോറത്തിലുള്ള വ്യവസ്ഥകൾ പരാമർശം (1) ലെ ഭേദഗതി ചട്ടങ്ങൾ നിലവിൽ വന്ന 17.08.2017 മുതൽ പരിഗണിക്കേണ്ടതില്ല എന്നും നിർദ്ദേശം നൽകിയിരുന്നു.

3. ഇക്കാര്യത്തിൽ ഇപ്പോഴും ആശയക്കുഴപ്പം നിലനിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും ചെയ്തു. 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 10(3)(a) ൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്, ഭൂമി പതിച്ചു കിട്ടുന്നയാൾ ഭൂമി പതിച്ചു കിട്ടുന്ന സമയത്തു പ്രസ്തുത ഭൂമിയിൽ നിൽക്കുന്ന ചില മരങ്ങളുടെ വില അടയ്ക്കണമെന്നാണ്. പ്രസ്തുത വ്യവസ്ഥയിലെ ( b ) ഖണ്ഡ പ്രകാരം ഭൂമി പതിച്ചു നൽകുന്നതിന് മുൻപ് തന്നെ പതിച്ചു ലഭിക്കുന്ന ആളിന്റെയോ അവരുടെ മുൻഗാമിയുടെയോ കൈവശം ഉണ്ടായിരുന്ന ഭൂമിയാണെങ്കിൽ പ്രസ്തുത ചട്ടങ്ങളിലെ Appendix III യുടെ Part A ൽ പറഞ്ഞിരിക്കുന്ന മരങ്ങളുടെ വില അടയ്ക്കേണ്ടതില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

4. 1986-ലെ കേരള പ്രിസെർവഷൻ ഓഫ് ട്രീസ് ആക്ടിലെ 22- ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് പ്രസ്തുത ആക്ട് നിലവിൽ വന്നതിനു ശേഷം സർക്കാർ ഭൂമി പതിച്ചു നൽകുന്ന സമയത്തു പ്രസ്തുത ഭൂമിയിൽ നിന്നിരുന്ന മരങ്ങൾ മുറിച്ചു മാറ്റുന്നതിന്, അതിനായി ചുമതലപ്പെടുത്തിയിട്ടുള്ള

ഉദ്യോഗസ്ഥന്റെ അനുമതി വാങ്ങണമെന്നാണ്. ആയതു കൊണ്ടുതന്നെ കർഷകർ ഭൂമി പതിച്ചു കിട്ടിയതിനു ശേഷം വച്ച് പിടിപ്പിക്കുന്നതും മുളച്ചു വരുന്നതുമായ മരങ്ങൾ മുറിക്കുന്നതിനു 1986-ലെ കേരള പ്രിസെർവഷൻ ഓഫ് ട്രീസ് ആക്ടിലെ 22- ാം വകുപ്പ് പ്രകാരമുള്ള അനുവാദം ആവശ്യമില്ലാത്തതാണ്.

5. 2005-ലെ പ്രൊമോഷൻ ഓഫ് ട്രീ ഗ്രോത്ത് ആക്ടിന്റെ 3- ാം വകുപ്പിൽ വന പ്രദേശമല്ലാത്ത ഭൂമിയിൽ ഭൂമിയുടെ ഉടമ മരങ്ങൾ വച്ച് പിടിപ്പിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ആക്ടിന്റെ 6 - ാം വകുപ്പിൽ മറ്റേതൊരു നിയമത്തിലും എന്ത് തന്നെ അടങ്ങിയിരുന്നാലും വനപ്രദേശമല്ലാത്ത ഭൂമിയുടെ ഉടമസ്ഥർ പ്രസ്തുത ഭൂമിയിൽ വച്ച് പിടിപ്പിക്കുന്ന മരങ്ങളിൽ ചന്ദനം ഒഴികെയുള്ള എല്ലാ മരങ്ങളും മുറിക്കുന്നതിനുള്ള അവകാശം കർഷകർക്ക് തന്നെ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

6. മേൽ സാഹചര്യത്തിൽ നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ,1964 ലെ ചട്ടങ്ങൾ പ്രകാരം പതിച്ച നൽകിയ ഭൂമിയിൽ കർഷകർ വച്ച് പിടിപ്പിച്ചതും കിളിർത്ത് വന്നതും പതിച്ചു ലഭിക്കുന്ന സമയത്ത് വൃക്ഷ വില അടച്ച് റിസർവ്വ് ചെയ്തതുമായ ചന്ദനം ഒഴികെയുള്ള എല്ലാ മരങ്ങളുടെയും അവകാശം കർഷകർക്ക് മാത്രമാണെന്നും അപ്രകാരമുള്ള മരങ്ങൾ അവർക്കു മുറിയ്ക്കാവുന്നതാണെന്നും അതിന് പ്രത്യേകിച്ച് ആരുടെയെങ്കിലും അനുവാദം വാങ്ങേണ്ടതില്ലായെന്നും വ്യക്തമാക്കി ഉത്തരവാകുന്നു. അപ്രകാരമുള്ള മരങ്ങൾ മുറിക്കുന്നതിന് തടസ്സപ്പെടുത്തുന്ന രീതിയിൽ ഉത്തരവുകൾ പാസ്സാക്കുന്നതോ, നേരിട്ട് തടസ്സപ്പെടുത്തുന്നതോ ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കി അങ്ങനെയുള്ള ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതുമാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ .എ .ജയതിലക് ഐ.എ.എസ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

മുഖ്യ വനപാലകൻ, വനം വകുപ്പ് ആസ്ഥാനം, വഴുതയ്ക്കാട്, തിരുവനന്തപുരം

പി.സി.സി.എഫ്, (എഫ് & എം),വനം വകുപ്പ് ആസ്ഥാനം, വഴുതയ്ക്കാട്, തിരുവനന്തപുരം

ജില്ലാ കളക്ടർമാർ(ലാൻഡ് റവന്യൂ കമ്മിഷണർ മുഖാന്തിരം)

അഡ്വക്കേറ്റ് ജനറൽ, എറണാകുളം

വനം വന്യ ജീവി (ബി) വകുപ്പ്

പബ്ലിക് റിലേഷൻസ് ( വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ